⇨ സർക്കാർ സഹായത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ കൃഷിയിറക്കുക ⇨

# ഞങ്ങൾ ആശങ്കാകുലരാണ്

പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം എന്നീ ആശയങ്ങളിൽ ഊന്നിക്കൊണ്ട് പ്രവർത്തിക്കുന്ന വിവിധ സംഘടനകളും വിദഗ്ധരും ചേർന്ന് രൂപീകരിച്ച കേരള പരിസ്ഥിതി ഐക്യവേദി ലോകജലദിനമായ മാർച്ച് 22ന് തിരുവനന്തപുരത്ത് ഒത്തുചേർന്നതിനെ തുടർന്ന് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനം.

**കേരള പരിസ്ഥിതി ഐക്യവേദി**

1. **നെൽവയലുകളും** തണ്ണീർത്തടങ്ങളും ഭാഗികമായോ അല്ലാതെയോ നശിപ്പിയ്ക്കുന്ന എല്ലാ പ്രവൃത്തികളും നിർത്തിവെയ്ക്കാനായി എത്രയും പെട്ടെന്നുതന്നെ വേണ്ട നടപടികൾ സ്വീകരിക്കുക.
2. നമ്മുടെ നഷ്ടപ്പെട്ട തണ്ണീർത്തടങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പുനരുജ്ജീവിപ്പിക്കുക. പ്രത്യേകിച്ചും കുളങ്ങൾ, ചിറകൾ, മനുഷ്യാവാസകേന്ദ്രങ്ങൾക്ക് അടുത്തുള്ള ജലാശയങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുകയും അങ്ങനെ കിണറുകളെ റീ ചാർജ്ജ് ചെയ്യാനായി സഹായിക്കുകയും ചെയ്യുക.
3. അടുത്ത മഴക്കാലത്തിനു മുമ്പ് തന്നെ കുളങ്ങളുടെയും മറ്റു ജലാശയങ്ങളുടെയും പുനരുജ്ജീവനത്തിനായി പഞ്ചായത്തുകൾക്ക് നിർദ്ദേശം കൊടുക്കുക. മഴക്കാലത്ത് പെയ്യുന്ന വെള്ളം സംഭരിക്കാനും അടുത്തുവേനൽക്കാലത്തെ ജലക്ഷാമം കുറയ്ക്കാനും ഇതിലൂടെ കഴിയും.
4. തരിശിട്ടിരിക്കുന്നതും കൃഷിചെയ്യാൻ പര്യാപ്തവുമായ എല്ലാ നെൽപ്പാടങ്ങളിലും സർക്കാർ സഹായത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ കൃഷിയിറക്കുക.
5. 2013 അവസാനിക്കുമ്പോഴേക്കും ഒരു തുണ്ട് തരിശ് ഭൂമിപോലും കൃഷിചെയ്യാതെ കിടക്കുന്നില്ലെന്ന് ഉറപ്പാക്കുക.
6. വയൽ-തണ്ണീർത്തടസംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കി ഉടൻ പ്രഖ്യാപിക്കുക. ഹൈ റസലൂഷൻ ഉപഗ്രഹ ചിത്രം വാങ്ങാൻ ഐ.കെ.എമ്മിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം ഉടനടി നടപ്പാക്കുകയും ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള കരട് ഡാറ്റാ ബാങ്ക് ഉപഗ്രഹ ചിത്രവുമായി ഒത്തുനോക്കി അറുപത് ദിവസത്തിനകം ഗസറ്റിൽ വിജ്ഞാപനം ചെയ്യുക.
7. ഓരോ പഞ്ചായത്തിലെയും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെയും മറ്റ് സംസ്ഥാനതല ഗവേഷണ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും ഡാറ്റാ ബാങ്ക് പരിശോധനയ്ക്കായി ഉൾപ്പെടുത്തുകയും അതാതു പ്രദേശത്തിന്റെ ഡാറ്റാ സത്യസന്ധമായി വിലയിരുത്തുകയും ചെയ്യുക.
8. ഓരോ തണ്ണീർത്തടത്തിന്റെയും വയലിന്റെ പ്രത്യേകതകൾ രേഖപ്പെടുത്തി ഓരോന്നിനും നമ്പറിടുകയും അവ രജിസ്റ്റർ ചെയ്യുകയും സംസ്ഥാനതലത്തിൽ ആദ്യമായി ഒരു തണ്ണീർത്തട വയൽ രജിസ്റ്റർ അങ്ങനെ ഉണ്ടാക്കുകയും ചെയ്യുക. വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനുള്ള ഉത്തരവാദി

ത്തം അതാത് പഞ്ചായത്തുകൾക്ക് നൽകുക.

9. പരിസ്ഥിതി വകുപ്പിന്റെ ഭാഗമായി ഇന്ന് പ്രവർത്തിക്കുന്ന തണ്ണീർത്തട അതോറിറ്റിക്ക് സ്വയം ഭരണാവകാശവും വിവിധ ജല ഉപയോക്ത വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള അധികാരവും നൽകുക.

10. സ്വകാര്യ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്ന ഉടമസ്ഥർക്ക് ഒരു 'സംരക്ഷണ സേവന ചാർജ്ജ്' നൽകുക. ഇതിനായി സർക്കാർ ഒരു സെസ്സ് ഏർപ്പെടുത്തുക.

11. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിരമായ ഉപയോഗത്തിനും വേണ്ടി ദീർഘകാലാടിസ്ഥാനത്തിൽ തന്ത്രങ്ങളും കർമ്മ പരിപാടികളും പദ്ധതികളും ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക.

12.സ്വകാര്യ ഏജൻസികളും വ്യക്തികളും മണൽവാരുന്നതും വിൽക്കുന്നതും കുറ്റകരമാക്കുക. മണൽ വാരാനും സംഭരിക്കാനും വിൽക്കാനുമുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാക്കുക. മണൽ എടുത്ത് തീരെ ക്ഷയിച്ചുപോയ പുഴകളിലെ മണൽ വാരൽ ഉടനടി നിർത്തിവെയ്ക്കുക. മണൽ വാരൽ നിരോധന നിയമം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി എടുക്കുക.

13. പുഴകളുടെ നീർമറി പ്രദേശങ്ങളും പുഴയോരങ്ങളും ജനപങ്കാളിത്തത്തോടെ സംരക്ഷിക്കുകയും പുഴകളുടെ ഒഴുക്കിനെ ശക്തിപ്പെടുത്തുകയും ചെയ്യുക.

14. കേരളത്തിലെ ഭൂഗർഭ ജലനിരപ്പ് അപകടകരമാം വിധം താഴ്ന്നു കഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ ശാസ്ത്രീയമായ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ കുഴൽ കിണറുകൾക്ക് അനുമതി നൽകാവൂ. നിലവിലുള്ള കുഴൽ കിണറുകൾ കുഴിക്കുന്നത് കർശനമായി തടയുകയും ചെയ്യണം.

15. കേരളത്തിലെ മുഴുവൻ ജനങ്ങളുടെ അറിവോടെയും പങ്കാളിത്തത്തോടെയും ഭൂഗർഭ ജലനിരപ്പ് ഉയർത്താനുള്ള പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുക. ഭൂമിയിൽ വെള്ളം ഇറങ്ങാത്ത വിധം മണ്ണിനു മുകളിൽ സിമന്റിട്ട് നിറയ്ക്കുന്ന തെറ്റായ പ്രവണതയെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുക.

16. പരിസ്ഥിതിക്കും ജനങ്ങളുടെ ജീവിതത്തിനും കുടിവെള്ള ലഭ്യതയ്ക്കും ദോഷകരമായി മാറിയിരിക്കുന്ന എല്ലാ പാറമടകളുടെയും പ്രവർത്തനം ഉടൻ തന്നെ നിർത്തിവെയ്ക്കുക. 2012-ലെ സുപ്രീംകോടതി വിധിക്കു ശഷം പാരിസ്ഥിതിക ആഘാതപഠനം നടത്താതെ തുടങ്ങിയ എല്ലാ പാറമടകളും അടച്ച് പൂട്ടുക.

17. നെൽവയലും നീർത്തടങ്ങളും നികത്തി പണിയാൻ ഉദ്ദേശിച്ചിട്ടുള്ള ആറന്മുള, അണക്കര, ചീക്കല്ലൂർ വിമാനത്താവള പദ്ധതികൾ ഉപേക്ഷിക്കുക. ആറന്മുള വിമാനത്താവള പദ്ധതിയിൽ 10 ശതമാനം ഓഹരി എടുക്കാനുള്ള കാബിനറ്റ് തീരുമാനം പിൻവലിക്കുക.

18. വെള്ളത്തെ സ്വകാര്യവൽക്കരിക്കാനുള്ള നോട്ടിഫിക്കേഷൻ പിൻവലിക്കുകയും കേരള വാട്ടർ അതോറിറ്റിയെ കഴിവുറ്റതും കാര്യക്ഷമവുമായ വകുപ്പാക്കി മാറ്റുകയും ചെയ്യുക.

ഭാവിയിൽ കേരളം അഭിമുഖീകരിക്കാൻ പോകുന്ന കഠിനമായ ജലക്ഷാമത്തെപ്പറ്റി നാസ ഉൾപ്പടെയുള്ള ശാസ്ത്രലോകം മുന്നറിയിരിപ്പ് നൽകിയിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട സർക്കാറിനെ ഓർമ്മിപ്പിക്കുന്നു. കേരളത്തിന്റെ സുസ്ഥിതിക്കുവേണ്ടി ഞങ്ങൾ സമർപ്പിക്കുന്ന ഈ നിർദ്ദേശങ്ങൾ അതീവ ഗൗരവത്തോടെ പരിഗണിക്കുകയും സ്വീകരിക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

കുടിവെള്ളത്തിന്റെ സ്വകാര്യവൽക്കരണത്തിനായി സർക്കാർ നോട്ടിഫിക്കേഷൻ കൊടുത്ത നടപടിയിലും തണ്ണീർത്തട ആവാസ വ്യവസ്ഥകലെ അപ്പാടെ നശിപ്പിക്കുമാറ് നിലവിലുള്ള കേരള വയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തെ (2008) ഭേദഗതി ചെയ്യാനുള്ള സർക്കാരിന്റെ നീക്കത്തിലും യോഗം പ്രതിഷേധം രേഖപ്പെടുത്തി. ■


കുടിവെള്ള ക്ഷാമം നേരിടുന്ന
ഇടപ്പിള്ളി മേഖലയിലെ ജനങ്ങൾക്ക്
വിതരണം ചെയ്യേണ്ടുന്ന വെള്ളം
ഊറ്റിയെടുത്ത് ജനജീവിതം
ദുരിതത്തിലാക്കുന്ന കൊച്ചിയിലെ
ലുലു ഇന്റർനാഷണൽ മാളിനെതിരെ

**ജനകീയ കൺവെൻഷൻ**

2013 ഏപ്രിൽ 22ന്
ഇടപ്പിള്ളി ചങ്ങമ്പുഴ സ്മാരക ഹാളിൽ
ബന്ധങ്ങൾക്ക്: 95676 12283


**അടുത്തലക്കത്തിൽ**

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ നടക്കുന്ന **അരിപ്പ ഭൂസമര**ത്തിന്റെ റിപ്പോർട്ട് - അൻഷിഫ് മജീദ്